പാഠാസൂത്രണം 1

അധ്യാപികയുടെ പേര് :സോബിക വി കെ

വിദ്യാലയം : സെന്റ് ജോസഫ് ട്രെയിനിങ് കോളേജ്

വിഷയം : മലയാളം

ക്ലാസ്സ് : 8

യൂണിറ്റ് : കണ്ണുവേണമിരുപുറമെപ്പോഴും

പാഠം : രണ്ടു മത്സ്യങ്ങൾ

---

ആശയം /ധാരണ

- മനുഷ്യന്റെ വേട്ടയാടൽ മൂലം നിരവധി ജന്തുജീവജാലങ്ങളുടെ വംശം നശിക്കപ്പെട്ടിട്ടുണ്ട്
- മനുഷ്യന്റെ കൈകടത്തൽ പരിസ്ഥിതിക്കും ജൈവവൈവിദ്യത്തിനും തിരിച്ചടിയാകുന്നു.

ഭാഷാവസ്തുതകൾ

- നൂതന പദങ്ങൾ

മുന്നറിവ്

- മത്സ്യങ്ങളുടെ പ്രത്യേകതകൾ കുട്ടികൾക്ക് അറിയാം
- നെടുംചൂരി മത്സ്യങ്ങളെ കുറിച്ച് കുട്ടികൾക്ക് മുൻധാരണയുണ്ട്

ശേഷികൾ /നൈപുണികൾ

- ജന്തു ജീവജാലങ്ങളെ സംരക്ഷിക്കാൻ ഉള്ള മനോഭാവം
- മത്സ്യങ്ങളെ സംരക്ഷിക്കാനുള്ള മനോഭാവം

ബോധനോദ്ദേശ്യങ്ങൾ

- ജന്തു ജീവജാലങ്ങളെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിന്
- മനുഷ്യന്റെ കൈകടത്തൽ പ്രകൃതിയെയും ജന്തു ജീവജാലങ്ങളെയും ബാധിക്കുന്നു എന്ന് മനസ്സിലാക്കുന്നതിന്

പഠനനേട്ടങ്ങൾ

- പ്രകൃതിക്കു നേരെയുള്ള ചൂഷണങ്ങൾ മനുഷ്യർക്കു തന്നെ തിരിച്ചടിയാകുന്നു എന്ന് തിരിച്ചറിയുന്നു

- മറ്റു ജീവജാലങ്ങൾക്കും നേരെ മനുഷ്യർ ക്രൂര പ്രവർത്തികൾ ചെയ്യുന്നു എന്ന് മനസ്സിലാക്കുന്നു

വ്യവഹാരരൂപങ്ങൾ

- ചർച്ച
- കുറിപ്പ്
- ലഘുവിവരണം

പഠനസാമഗ്രികൾ

- ചിത്രങ്ങൾ
- ഓഡിയോ

പ്രതീക്ഷിത ഉൽപ്പന്നം

- കുറിപ്പ്
- ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞ ആശയം

<table>
<tr><th>പ്രക്രിയ പേജ്</th><th>വിലയിരുത്തൽ പേജ്</th></tr>
<tr><td>ആമുഖം - 15 മിനിറ്റ്<br><br>മത്സ്യങ്ങളുടെ ചിത്രങ്ങൾ അധ്യാപിക ക്ലാസിൽ പ്രദർശിപ്പിക്കുകയും മീനുകളോട് കുട്ടികളുടെ താല്പര്യത്തെ കുറിച്ച് ചോദിച്ചറിയുകയും അതിനുശേഷം അലങ്കാരമത്സ്യങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക ആവശ്യപ്പെടുന്നു<br><br></td><td></td></tr>
</table>

ക്രോഡീകരണം

ഒരുപാട് പേരും ഇഷ്ടപ്പെടുന്നത് അലങ്കാര മത്സ്യങ്ങളെയാണ് പലതരത്തിലുള്ള നിറങ്ങളാൽ അവയുടെ ഭംഗി ഏറെ ആകർഷകത്വം തന്നെയാണ്. ഗപ്പി, ബീറ്റ, ഡയാമീസ്, ഫൈറ്റെർ  എന്നിവയാണ് അലങ്കാര മത്സ്യങ്ങൾ കൃത്രിമ സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നതും, കാഴ്ചയ്ക്ക് മനോഹരവുമായ മത്സ്യങ്ങളെ അലങ്കാരത്തിനായി വളർത്തുന്നു ഇവയാണ് അലങ്കാരമത്സ്യങ്ങൾ

പ്രവർത്തനം  **: 1   -15** മിനിറ്റ്

രണ്ടു മത്സ്യങ്ങൾ എന്ന പാഠത്തിന്റെ ഓഡിയോ അധ്യാപിക കുട്ടികളുടെ ഓഡിയോ അധ്യാപിക കുട്ടികൾക്ക് കേൾപ്പിച്ചു കൊടുക്കുന്ന ശേഷം കുട്ടികളെക്കൊണ്ട് വായിപ്പിക്കുകയും അധ്യാപിക ആശയ വ്യക്തമാക്കി കൊടുക്കുകയും ചെയ്യുന്നു.  തുടർന്ന് നെടുംചൂരി മത്സ്യങ്ങളുടെ പ്രത്യേകതയെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.

https://youtu.be/zT1HNaffT3Y

ക്രോഡീകരണം

ശുദ്ധജലത്തിൽ മാത്രമേ നെടുംചൂരി മത്സ്യങ്ങൾക്ക് മുട്ടയിടുവാൻ സാധിക്കുകയുള്ളൂ മറ്റു ജനങ്ങളിൽ മുട്ടയിടാൻ അവർക്ക് സാധിക്കുകയില്ല. ഇളം കറുപ്പ് നിറമാണ് നെടുംചൂരി മത്സ്യങ്ങൾക്ക്. ചൂണ്ടുവിരലിന്റെ നീളമേ ഉണ്ടാവുകയുള്ളൂ.

പ്രവർത്തനം **: 2  -10** മിനിറ്റ്

മീനുകളെ ഇല്ലാതാക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ വിദ്യാർഥികൾക്ക് മുൻപിൽ പ്രദർശിപ്പിക്കുന്നു.  അതിനുശേഷം യാത്ര പുറപ്പെടാൻ ഒരുങ്ങുമ്പോൾ അഴകനും പൂവാലിയും എന്തെല്ലാം പ്രതിസന്ധികളെയാണ് അഭിമുഖീകരിച്ചതിന് എന്നതിനെ കുറിച്ച് ലഘു വിവരണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു

| | |
|---|---|
| <br><br>ക്രോഡീകരണം<br><br>അതിജീവനത്തിനായുള്ള യാത്രയായി അവർ ധാരാളം പ്രതിസന്ധികൾ അനുഭവിച്ചു ശൂലാപ്കാവിതല കുളത്തിൽ എത്തണമെങ്കിൽ കുന്നുകളിൽ നിന്നും നീരൊഴുക്ക് ഉണ്ടാകണം അതിന് മഴയില്ലാത്തതാണ് അവർ നേരിട്ട പ്രതിസന്ധികളിൽ ഒന്ന്.<br>അവർക്കുണ്ടാകുന്ന പ്രശ്നങ്ങൾക്കു കാരണം മനുഷ്യനാണ് മനുഷ്യർ മത്സ്യങ്ങളെ വേട്ടയാടുകയാണ് ചെയ്യുന്നത് കൂടാതെ മനുഷ്യന്റെ പ്രവർത്തികൾ മൂലം വറ്റിവരണ്ട നീർച്ചാലുകൾ മൂടപ്പെട്ട ശൂലാപ്കാവിലെ കുളം തുടങ്ങിയവയെല്ലാം തന്നെ ഈ യാത്രയിൽ മത്സ്യങ്ങൾ നേരിട്ട പ്രതിസന്ധികളാണ്. | |

തുടർ പ്രവർത്തനം

- മനുഷ്യരുടെ വേട്ടയാടൽ മൂലം വംശനാശം സംഭവിച്ച ജീവികളുടെ അവസ്ഥയെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക

പ്രതിഫലനാത്മകത